(ബി) ഇവ ഓരോ എ. ഇ. ഓഫീസിന്റെയും പരിധിയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1011 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി)

അഗളി	–	216
തച്ചമ്പാറ	–	159
അലനല്ലൂർ	–	296
മണ്ണാർക്കാട്	–	295
ശ്രീകൃഷ്ണപുരം	–	45

പന്തളം 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം

54 [355] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് ആരംഭിക്കുന്ന 33 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങുവാൻ കഴിയും;

(ബി) ഇതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം പന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും വിട്ടു കിട്ടാത്തതാണ് കാലതാമസത്തിനുള്ള കാരണം. സ്ഥലം വിട്ടു കിട്ടുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുവാൻ കഴിയുന്നതാണ്.

(സി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി സ്ഥലമേറ്റെടുക്കുവാൻ ആടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചടയമംഗലം നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണം

55 [356] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ 25% വീടുകളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ലെന്ന യാഥാർത്ഥ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം. എൽ. എ. ഫണ്ട് അടക്കമുള്ള വിവിധ ഏജൻസികളിൽനിന്നുള്ള തുകയും രാജീവ് ഗാന്ധി പദ്ധതിയിൽ നിന്നുള്ള തുകയും വിനിയോഗിച്ച് സമയബന്ധിതമായി എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly